*⇨ 60 പ്രമുഖ ശാസ്ത്രജ്ഞന്മാർ പ്രധാനമന്ത്രിക്ക് കത്തെഴുതിയിരിക്കുന്നു ⇨*

"**ഇന്ത്യയിലെ** ചിന്തിക്കുന്ന വിഭാഗം ആണവോർജ്ജത്തിനു വേണ്ടി നിലകൊള്ളും" (ഫെബ്രുവരി 24, 2012). ഇന്ത്യൻ ആണവ പദ്ധതി എത്രമാത്രം കാര്യക്ഷമമവും ദീർഘവീക്ഷണത്തോടു കൂടിയതുമാണെന്ന് വ്യക്തമാക്കിക്കൊണ്ട് ഇന്ത്യൻ പ്രധാനമന്ത്രി ഒരിക്കൽ നടത്തിയ പ്രസ്താവനയാണിത്. കൂടങ്കുളം ആണവ നിലയത്തിനെതിരെ പ്രക്ഷോഭം നയിക്കുന്നവർ രാജ്യദ്രോഹികളാണെന്നും വിദേശപ്പണം പറ്റി രാജ്യത്തിന്റെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്നവരാണെന്നും ഇതോടൊപ്പം പ്രധാനമന്ത്രി പറയുകയുണ്ടായി. ഇന്ത്യൻ പ്രധാനമന്ത്രി ഒരു അമേരിക്കൻ ജേർണലിനു നൽകിയ അഭിമുഖത്തിൽ നടത്തിയ ഈ പ്രസ്താവന പ്രസിദ്ധീകരിക്കപ്പെട്ട് 16 മാസം പിന്നിട്ടിരിക്കുന്നു. രണ്ട് പ്രധാനപ്പെട്ട വിഷയങ്ങൾക്ക് അദ്ദേഹം ഇപ്പോൾ ഇന്ത്യൻ ജനതയോട് മറുപടി നൽകേണ്ടതുണ്ട്.

# കൂടംകുളം: പ്രധാനമന്ത്രി മറുപടി പറയേണ്ട ചോദ്യങ്ങൾ

ആണവ സാങ്കേതിക രംഗത്ത് പ്രവർത്തിച്ചിരുന്ന പലരും കൂടങ്കുളം പദ്ധതിയുടെ സുരക്ഷിതത്വത്തെക്കുറിച്ച് നിരവധി ചോദ്യങ്ങൾ ഉന്നയിച്ചിട്ടും മറുപടി പറയാതിരിക്കുകയും കൂടങ്കുളം സമരത്തിന് വിദേശപണം ലഭിക്കുന്നുണ്ടെന്ന തന്റെ ആരോപണത്തിന് ഒന്നരവർഷം കഴിഞ്ഞിട്ടും തെളിവ് കണ്ടെത്താനാകാതെ കുഴങ്ങുകയുമാണ് നമ്മുടെ പ്രധാനമന്ത്രി.

**കെ. സഹദേവൻ**

ഒന്ന്, കൂടങ്കുളം ആണവ നിലയത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് ആശങ്കകൾ വ്യക്തമാക്കിക്കൊണ്ടും കൂടങ്കുളം നിലയം തിരക്കുപിടിച്ച് കമ്മീഷൻ ചെയ്യരുതെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഇന്ത്യയിലെ വിവിധ ശാസ്ത്രസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന 60 പ്രമുഖ ശാസ്ത്രജ്ഞന്മാർ പ്രധാനമന്ത്രിക്ക് കത്തെഴുതിയിരിക്കുന്നു. ഇടിന്തകരയിലെ സത്യാഗ്രഹം ആരംഭിച്ച നാൾതൊട്ട് ഇതുവരെ ഇന്ത്യയിലെ ബുദ്ധിജീവികളും ശാസ്ത്രജ്ഞന്മാരുമടങ്ങുന്ന നിരവധി പേർ സമരത്തിന് നേരിട്ട് പിന്തുണ അർപ്പിച്ചിരിക്കുന്നു. മുൻ ആണവോർജ്ജ നിയന്ത്രണ കമ്മീഷൻ ചെയർമാൻ ഡോ.എ. ഗോപാലകൃഷ്ണൻ അടക്കമുള്ള ആണവ സാങ്കേതികവിദ്യയുമായി അടുത്ത് പ്രവർത്തിച്ച നിരവധി ആളുകൾ കൂടങ്കുളം പദ്ധതിയുടെ സുരക്ഷിതത്വത്തെക്കുറിച്ച് ചോദ്യങ്ങൾ ഉന്നയിച്ചിരിക്കുന്നു. ഇന്ത്യയിലെ ചിന്തിക്കുന്ന വിഭാഗം ഇപ്പോഴും താങ്കളോടൊപ്പമാണെന്ന് പറയുന്നുവോ മി. പ്രധാനമന്ത്രി?

രണ്ട്, കൂടങ്കുളം സമരത്തിന് വിദേശപണം ലഭിക്കുന്നുണ്ടെന്ന താങ്കളുടെ ആരോപണത്തിന്റെ നിജസ്ഥിതി എന്താണെന്നറിയാൻ ഇന്ത്യൻ ജനതയ്ക്ക് അവകാശമുണ്ട്. താങ്കൾ ആരോപണം ഉന്നയിച്ച് കഴിഞ്ഞ് ഇപ്പോൾ വർഷം ഒന്നു കഴിഞ്ഞിരിക്കുന്നു. ഇ



ന്ത്യയിലെ എല്ലാ മന്ത്രാലയങ്ങളുടെയും തലവനായ താങ്കൾക്ക് കൂടങ്കുളം സമരത്തിന് ലഭിക്കുന്ന വിദേശ സഹായത്തിന്റെ ഉറവിടം കണ്ടെത്താൻ കഴിയില്ലെന്ന് പറയുന്നത് താങ്കൾ വഹിക്കുന്ന പദവിക്ക് യോജിച്ചതല്ല. മറിച്ച് താങ്കളുടെ പ്രസ്താവനയ്ക്ക് അടിസ്ഥാനമായ തെളിവുകൾ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ അക്കാര്യം ജനങ്ങളോട് തുറന്നു പറയാനുള്ള ആർജ്ജവം താങ്കൾ കാണിക്കേണ്ടതുണ്ട്.

മേൽപ്പറഞ്ഞ രണ്ട് വിഷയങ്ങളും സുപ്രധാനങ്ങളാകുന്നത് പല കാരണങ്ങൾ കൊണ്ടാണ്. ആദ്യത്തേത് രാജ്യത്തെ ജനങ്ങളുടെ ജീവിക്കാനുള്ള അവകാശവുമായി ബന്ധപ്പെട്ടതാണ്.

ലോകം മുഴുവൻ ആണവ സാങ്കേതിക വിദ്യയെ കയ്യൊഴിഞ്ഞുകൊണ്ടിരിക്കുകയും ബദലുകൾ അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് പൊതുവിൽ നിലനിൽക്കുന്നത്. ഇവയ്ക്ക് പുറമെ കൂടങ്കുളം ആണവനിലയവുമായ ബന്ധപ്പെട്ട് മാത്രം നിരവധി സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നതായി വെളിപ്പെട്ടുവന്നിരിക്കുന്നു.

കൂടങ്കുളം ആണവനിലയത്തിന് ഉപകരണങ്ങൾ വില്പന ചെയ്ത റഷ്യൻ കമ്പനിയുടെ ഉന്നതോദ്യോഗസ്ഥനെ അഴിമതിക്കുറ്റത്തിന് അറസ്റ്റ് ചെയ്തവിവരം ഏതാനും നാൾ മുമ്പാണ് ഇന്ത്യൻ മാധ്യമങ്ങളിൽ വന്നത്. 2011 ൽ നടന്ന ഈ അറസ്റ്റ് ഇതുവരെയും വാർത്തകളിൽ വരാതെ നിൽക്കുകയായിരുന്നു. ആണവനിലയങ്ങളുമായി ബന്ധപ്പെട്ട സുപ്രധാന യന്ത്രഭാഗങ്ങൾ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ ഗുണനിലവാരം കുറഞ്ഞവ വാങ്ങി അഴിമതി നടത്തിയതിന്റെ പേരിലായിരുന്നു റഷ്യൻ ഉദ്യോഗസ്ഥനായ സെർജി ഷൂടോവിനെ അറസ്റ്റ് ചെയ്തത്. ഈ യന്ത്രഭാഗങ്ങൾ കൂടങ്കുളം നിലയത്തിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട് എന്ന വസ്തുത എല്ലാവരെയും ഞെട്ടിച്ചിരിക്കുകയാണ്. ഇക്കാര്യം ആണവോർജ്ജ കമ്മീഷനോ മറ്റേതെങ്കിലും ഏജൻസിയോ ഇതുവരെ നിഷേധിച്ചതായും അറിവില്ല.

ഇതിനുപുറമെ, നിലയ സുരക്ഷിതവുമായി ബന്ധപ്പെട്ട നാല് സുപ്രധാന വാൾവുകൾ തകരാറിലാണ് എന്ന വസ്തുതയും ഇപ്പോൾ പുറത്തുവന്നിരിക്കുന്നു. ന്യൂക്ലിയർ പവർ കോർപ്പറേഷൻ തന്നെ ഇക്കാര്യം ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ട്. ഈ വാൾവുകൾ പുതുതായി നിർമ്മിക്കുന്നതിനായി ഹൈദരാബാദിലെ സ്ഥാപനത്തെ ഏൽപ്പിച്ചിരിക്കുകയാണെന്നും അവർ പറയുന്നു. കൂടങ്കുളത്തെ ജനങ്ങളുടെ പ്രക്ഷോഭം നടന്നില്ലായെങ്കിൽ മാസങ്ങൾക്കു മുമ്പേ കമ്മീഷൻ ചെയ്യേണ്ടതായിരുന്നു ഈ നിലയം!

കൂടാതെ, കൂടങ്കുളം പദ്ധതിയിലെ യൂനിറ്റ് ഒന്നിന്റെ മർദ്ദപേടകം റഷ്യയുമായി ഉണ്ടാക്കിയ കരാറിന് അനുസരിച്ചല്ല വിതരണം ചെയ്തിരിക്കുന്നതെന്ന ആരോപണവും ഉയർന്നിരിക്കുന്നു. യൂനിറ്റ് ഒന്നിന്റെ മർദ്ദപേടകം വെൽഡ് ചെയ്യപ്പെട്ട ഒന്നാണെന്നും മർദ്ദപേടകത്തിൽ വെൽഡുണ്ടാകുന്ന ആധുനി

ക സുരക്ഷാ മാനദണ്ഡങ്ങൾക്ക് നിരക്കുന്നതല്ലെന്നും വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു.

പുതുതായി പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകൾക്ക് പുറമെ ആണവ വിരുദ്ധ സമിതി പ്രവർത്തകർ നേരത്തെ ഉന്നയിച്ച നിരവധി ചോദ്യങ്ങൾ ഇപ്പോഴും ഉത്തരം കിട്ടാതെ ബാക്കികിടക്കുകയാണ്.

1. കൂടങ്കുളത്ത് ഉത്പാദിപ്പിക്കുന്ന ആണവ മാലിന്യങ്ങൾ എന്തുചെയ്യാനാണ് പദ്ധതി? ഉയർന്ന വികിരണ സ്വഭാവമുള്ള മാലിന്യങ്ങൾ എവിടെ നിക്ഷേപിക്കും?

2. പദ്ധതി പ്രദേശത്തിന്റെ 30 കിലോമീറ്റർ പരിധിയിൽ അടിയന്തിര ഘട്ടത്തിൽ കുടിയൊഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വ്യായാമ മുറകൾ (Mock Drill) മാനദണ്ഡമനുസരിച്ച് നടത്താത്തതെന്തുകൊണ്ട്?

സമരസമിതിക്കെതിരായ ആരോപണത്തിനെതിരെ പ്രധാനമന്ത്രിയുടെ പേരിൽ കേസ് ഫയൽ ചെയ്യുമെന്ന് സമരസമിതി കൺവീനർ ഉദയകുമാർ പ്രഖ്യാപിക്കുകയുണ്ടായി. രാജ്യത്തിന്റെ എല്ലാ അധികാരങ്ങളും കയ്യാളുന്ന പ്രധാനമന്ത്രിക്ക് നാളിതുവരെയായും തന്റെ ആരോപണത്തിന് അടിസ്ഥാനമായ വസ്തുതകൾ വെളിച്ചത്തുകൊണ്ടുവരുവാൻ കഴിഞ്ഞിട്ടില്ല.

3. നിലയപ്രവർത്തനം ആരംഭിച്ചാൽ അപകടസമയത്ത് ജനങ്ങളെ കുടിയൊഴിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയാണ്? കേരളമടക്കമുള്ള പ്രദേശങ്ങളിലെ ജനങ്ങളെ ഇക്കാര്യം അറിയിച്ചുവോ?

4. ആണവഇന്ധനങ്ങളുടെയും മാലിന്യങ്ങളുടെയും പോക്കുവരവ് ഏതുവഴിയായിരിക്കും?

തുടങ്ങി ഉത്തരം ലഭിക്കാത്ത ചോദ്യങ്ങൾ നിരവധിയാണ്. മേൽപ്പറഞ്ഞ ചോദ്യങ്ങൾക്കൊക്കെ വ്യക്തമായ മറുപടി ലഭിക്കാൻ ജനങ്ങൾക്ക് അർഹതയുണ്ട്. ഏതാനും ശാസ്ത്രജ്ഞന്മാരുടെയോ സാങ്കേതിക വിദഗ്ദ്ധരുടെയുടെ കൈകളിൽ എല്ലാം ഭദ്രമായിരിക്കുമെന്ന് വിശ്വസിച്ചുകൊണ്ട് മുന്നോട്ടുപോകുവാൻ സാധ്യമല്ല.

സമരപ്രവർത്തകർ വിദേശപ്പണം സ്വീകരിക്കുന്നുവെന്ന പ്രധാനമന്ത്രിയുടെ പ്രസ്താവന എത്രമാത്രം നിരുത്തരവാദപരമായിരുന്നു എന്ന് നാം ഓർമ്മിക്കേണ്ടതുണ്ട്. സമരസമിതിക്കെതിരായ ആരോപണത്തിനെതിരെ പ്രധാനമന്ത്രിയുടെ പേരിൽ കേസ് ഫയൽ ചെയ്യുമെന്ന് സമരസമിതി കൺവീനർ ഉദയകുമാർ പ്രഖ്യാപിക്കുകയുണ്ടായി. രാജ്യത്തിന്റെ എല്ലാ അധികാരങ്ങളും കയ്യാളുന്ന പ്രധാനമന്ത്രിക്ക് നാളിതുവരെയായും തന്റെ ആരോപണത്തിന് അടിസ്ഥാനമായ വസ്തുതകൾ വെളിച്ചത്തുകൊണ്ടുവരുവാൻ കഴിഞ്ഞിട്ടില്ല. സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾ തങ്ങൾ വിശ്വസിക്കുന്ന പ്രസ്ഥാനത്തിനുവേണ്ടി സ്വന്തം അധ്വാനത്തിന്റെ പങ്ക് നൽകി നടത്തുന്ന സമരത്തെയാണ് മൻമോഹൻസിങ് യാതൊരടിസ്ഥാനവുമില്ലാതെ ചെളിവാരി എറിയാൻ ശ്രമിച്ചത്. ഇന്ത്യയിലെ ഒരു പ്രധാന ഇംഗ്ലീഷ് ദിനപത്രം സമര പ്രവർത്തകർക്ക് ദിവസം 500 രൂപയും ഭക്ഷണവും മദ്യവും നൽകിയാണ് സമരപ്പന്തലിൽ എത്തിക്കുന്നതെന്നുപോലും വെണ്ടക്കാ നിരത്തുകയുണ്ടായി. തങ്ങളുടെ സ്ഥാപിത താൽപ്പര്യങ്ങൾ നിറവേറ്റാൻ പത്രവും ഔദ്യോഗിക സ്ഥാനത്തിരുന്നുകൊണ്ട് പ്രധാനമന്ത്രിയും നടത്തിയ ഏറ്റവും ഹീനമായ പ്രവർത്തിയായിട്ടു മാത്രമേ ഇതിനെ കാണാൻ കഴിയൂ.

അങ്ങേയറ്റം അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുന്ന ഒരു സർക്കാരിന്റെ നേതൃത്വ സ്ഥാനത്തിരിക്കുന്ന പ്രധാനമന്ത്രിയാണ് കൂടങ്കുളത്തെ സാധാരണക്കാർക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നത് എന്നത് മറ്റൊരു വിരോധാഭാസം. കൽക്കരി കുംഭകോണം, 2 ജി ഇടപാട്, കോമൺവെൽത്ത് ഗെയിംസ് തുടങ്ങി ലക്ഷക്കണക്കിന് കോടി രൂപയുടെ അഴിമതിക്ക് കൂട്ടുനിന്നതിന് പ്രധാനമന്ത്രിയുടെ ഓഫീസിന് നേരെയും ജനങ്ങൾ വിരൽ ചൂണ്ടിത്തുടങ്ങിയിരിക്കുന്നു.

കൂടങ്കുളത്തെ ജനങ്ങളുടെ സഹനസമരത്തിന്റെ വില താങ്കൾക്ക് അറിയാതെ പോയതിൽ ഒട്ടും അത്ഭുതമില്ല മി. പ്രധാനമന്ത്രി. കാരണം. രാഷ്ട്രീയ പ്രവർത്തനത്തിന്റേതായ ഭൂതകാലം ഒട്ടുമില്ലാത്ത, എല്ലാക്കാലത്തും ഒരു ബ്യൂറോക്രാറ്റ് മാത്രമായിരുന്ന താങ്കളിൽ നിന്ന് ഇതല്ലാതെ എന്തു പ്രതീക്ഷിക്കാൻ? ■

### ഉപരോധ സമരം

ആണവനിലയത്തിനെതിരെ കൂടംകുളത്ത് നടക്കുന്ന ജനകീയസമരത്തിന് പിന്തുണയർപ്പിച്ച് കൂടംകുളം ആണവനിലയ വിരുദ്ധ ഐക്യദാർഢ്യസമിതി(കേരളം) 2013 ജൂലായ് 5ന് തൃശൂർ ഏജീസ് ഓഫീസ് ഉപരോധിക്കുന്നു. ജൂലായ് 2,3 തീയതികളിൽ തൃശൂർ ജില്ലയിൽ പ്രചരണ വാഹനജാഥ.

*ബന്ധങ്ങൾക്ക്: 8547698740*